LIBRARY ARCHIVES Kerala Legislative Assembly

കരുനാഗപ്പള്ളി ട്രാഫിക് പോലീസ് സ്റ്റേഷൻ

52 (57) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി കേന്ദ്രമാക്കി പ്രഖ്യാപിച്ച ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ?

സംസ്ഥാനത്തെ ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല അതത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ടും 14-07-2018-ന് സ.ഉ.(കൈ) നമ്പർ 116/2018/ ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കരുനാഗപ്പള്ളിയിൽ പുതിയതായി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. തിരക്കേറിയ സമയങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ, ഹോം ഗാർഡ്, ട്രാഫിക് വാർഡൻ എന്നിവരെ കൂടുതലായി നിയോഗിച്ച് ഗതാഗതം നിയന്ത്രിക്കാൻ 3-1-2020-ൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനമൈത്രി സുരക്ഷാ പദ്ധതി

53 (58) ശ്രീ. എം. എം. മണി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ ജനകീയ പദ്ധതിയായ ജനമൈത്രി സുരക്ഷ പദ്ധതി കൂടുതൽ ശക്തവും സജീവവുമാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കേരളാ പോലീസിന്റെ ജനകീയ പദ്ധതിയായ ജനമൈത്രി സുരക്ഷാ പദ്ധതി കൂടുതൽ ശക്തവും സജീവവുമാക്കാൻ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദിവാസി വിഭാഗങ്ങൾക്കായി 'ട്രൈബൽ ജനമൈത്രി (ആരണ്യകിരണം) പദ്ധതി', റെയിൽവേ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 'റെയിൽവേ ജനമൈത്രി', അതിഥി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും ഉന്നമനത്തിനുമായി 'മൈഗ്രന്റ് ജനമൈത്രി', സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഇലക്ട്രോണിക് പഠന ഉപകരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എത്തിക്കുന്നതിനായി 'ഇ-വിദ്യാരംഭം പദ്ധതി', ഗൗരവതരമല്ലാത്ത പരാതികൾ പരിഹരിക്കുന്നതിന് 'കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററുകൾ, സ്ത്രീ സുരക്ഷയ്ക്കായി 'വിമൺ സെൽഫ് ഡിഫൻസ് ട്രെയിനിംഗ്', ദുരന്ത നിവാരണത്തിനായി 'ജനമൈത്രി കർമ്മസേന', സ്കൂൾ കോളേജ് ജാഗ്രതാ സമിതികൾ തുടങ്ങിയവ വിപുലമായി നടത്താനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമേ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കോവിഡ് ജീവിതചര്യകളുടെ അവബോധം എന്നിവയ്ക്കായി സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന ആരംഭിച്ച മറ്റൊരു പദ്ധതിയാണ് 'എം.ബീറ്റ്' (മൊബൈൽ ബീറ്റ് സംവിധാനം). പരമ്പരാഗതമായ കേന്ദ്രീകൃത പോലീസിംഗ് രീതിയിൽനിന്ന് വിഭിന്നമായി പ്രാദേശിക ജനകീയ വിഷയത്തിൽ ജനാഭിപ്രായ സമന്വയത്തിലൂടെ വികേന്ദ്രീകൃത പോലീസിംഗ് നടപ്പിലാക്കുന്ന രീതിയാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്.

(ബി) കോവിഡ് മഹാമാരിയിൽ നാടിന് താങ്ങും തണലുമായി നിന്ന കേരള പോലീസ് അതിലേയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ?

ഉണ്ട്. 2021 ഏപ്രിൽ മധ്യത്തോടെ രാജ്യത്ത് ദൃശ്യമായ കോവിഡ്-19 രണ്ടാം തരംഗം കേരളത്തിലെ എല്ലാ ജില്ലകളിലും പ്രത്യക്ഷപ്പെട്ട് ടി മഹാമാരി പൊതുജനങ്ങളെ തീവ്രമായി ബാധിക്കുകയുണ്ടായി. ഇതേത്തുടർന്ന് 8-5-2021 മുതൽ സംസ്ഥാനമൊട്ടാകെ ലോക്ഡൗൺ പ്രഖ്യാപിക്കാൻ ഇടയാകുകയും ചെയ്തു. ലോക്ഡൗൺ കാര്യക്ഷമമായി നടത്തിയിട്ടുള്ളതും പരമാവധി പൊതുജനസഞ്ചാരം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ജില്ലയ്ക്കത്ത് സത്യവാങ്മൂലത്തോടുകൂടി അത്യാവശ്യ യാത്രകൾ അനുവദിച്ചിരുന്നു. ജില്ലാന്തര യാത്രകൾക്കായി തിരുവനന്തപുരം പോലീസ് സൈബർ ഡോം വികസിപ്പിച്ച വെബ് പോർട്ടൽ മുഖേന e-pass അനുവദിച്ചുവരുന്നു. കൂടാതെ റോഡുകളും ഇടറോഡുകളും അടച്ച് സെക്ടറുകളാക്കി തിരിച്ച് അകത്തേയ്ക്കും പുറത്തേയ്ക്കും പോകുന്ന വാഹനങ്ങൾ പരിശോധന നടത്തി അനാവശ്യമായി പുറത്തിറങ്ങുന്ന വാഹനങ്ങളെ പിടിച്ചെടുത്ത് കുറ്റക്കാരായ യാത്രക്കാർക്കെതിരെ Kerala Epidemic Diseases (Amendment) Act 2020, ഇന്ത്യൻ ശിക്ഷാനിയമം, കേരളാ പോലീസ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, Foot പട്രോളിംഗ്

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ ശക്തമായി നടപ്പിലാക്കിവരുന്നു. വനിതാ മോട്ടോർ സൈക്കിൾ പട്രോളിംഗും ഇതോടൊപ്പം ഏർപ്പെടുത്തിയിട്ടുണ്ട്. 16-5-2021-ൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഏർപ്പെടുത്തിയ ട്രിപ്പിൾ ലോക്ഡൗൺ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പോലീസ് സ്റ്റേഷൻ പരിധികളിൽ One entry-One exit നടപ്പിലാക്കിയിട്ടുള്ളതും പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് പരിശോധനയും പിക്കറ്റും ഏർപ്പെടുത്തിയിരുന്നു.
- ട്രിപ്പിൾ ലോക്ഡൗൺ ഏർപ്പെടുത്തിയ ജില്ലകളിലെ അതിർത്തി റോഡുകളും പ്രാദേശിക റോഡുകളും അടച്ചിടുകയും ജില്ലയ്ക്കുള്ള പ്രധാന റോഡുകളിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തിരുന്നു.
- കോവിഡുമൂലം ക്വാറന്റൈനിൽ കഴിയുന്നവരെ സൈബർ സെല്ലിന്റെയും കോവിഡ് സേഫ്റ്റി ആപ്പിന്റെയും സഹായത്തോടെ നിരീക്ഷണം നടത്തി ക്വാറന്റൈൻ ലംഘനം ഇല്ലെന്ന് ഉറപ്പുവരുത്തുന്നു.
- സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് കൂട്ടംകൂടുന്നവരെയും മറ്റും ഡ്രോണുകൾ ഉപയോഗിച്ച് കണ്ടെത്തി നിയമനടപടി സ്വീകരിച്ചുവരുന്നു.
- പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ജനമൈത്രി പോലീസുമായി ചേർന്ന് ആവശ്യമായ അവബോധം നടത്തുകയും മാസ്ക്, സാനിറ്റൈസർ, ആവശ്യ മരുന്നുകൾ എന്നിവ കോളനിവാസികൾക്ക് സൗജന്യമായി നൽകി വരികയും ചെയ്യുന്നു.
- ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് കോവിഡ്-19 മഹാമാരിയിൽനിന്നും സുരക്ഷിതരായിരിക്കാൻ BREAK THE CHAIN ക്യാമ്പയിൽ അടിസ്ഥാനമാക്കി ആവശ്യമായ അവബോധം നൽകുന്നതിന് സാമൂഹ്യ മാധ്യമങ്ങൾവഴി ലഘുചിത്രങ്ങളും വീഡിയോകളും പോസ്റ്ററുകളും തയ്യാറാക്കി പ്രചരിപ്പിച്ചത് കൂടാതെ പത്രമാധ്യമങ്ങൾവഴി പൊതുജനങ്ങൾക്കായി സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിരുന്നു.

(സി) ലോക്ഡൗൺ കാലത്ത് തെരുവുകളിൽ വിശന്ന് അലയുന്നവർക്ക് സൗജന്യമായി ഭക്ഷണം നൽകുന്നതിന് കേരള പോലീസ് ആവിഷ്കരിച്ച 'ഒരു വയറൂട്ടാം' പദ്ധതിയുടെ വിശദാംശം നൽകുമോ?

വീട് ഇല്ലാത്തവർക്കും തെരുവിൽ കഴിയുന്ന അവശവിഭാഗങ്ങൾക്കും ഇതര സംസ്ഥാന തൊഴിലാളികൾക്കും കോവിഡ്-19 നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുന്നണി പോരാളികൾക്കും സൗജന്യമായി ഭക്ഷണം നൽകുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് മുഖേന 'ഒരു വയറൂട്ടാം, ഒരു വിശപ്പടക്കാം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മുഖേന ലക്ഷക്കണക്കിന് പേർക്ക് സംസ്ഥാനത്തൊട്ടാകെ സൗജന്യമായി ഭക്ഷണവിതരണം നടത്തിയിരുന്നു.

കോവിഡ് വ്യാപനം തടയുന്നതിൽ പോലീസ് സേനയുടെ പങ്ക്

54 (59) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 വ്യാപനം തടയുന്നതിനായി രൂപീകരിച്ച കോവിഡ് പ്രോട്ടോക്കോൾ നടപ്പിൽ വരുത്തുന്നതിനായി കേരള പോലീസ് സേന നിർവ്വഹിച്ച ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സമൂഹത്തിൽ ക്രമസമാധാനപാലനം നടത്താനുള്ള ഉത്തരവാദിത്തം ഏൽപ്പിച്ചിരിക്കുന്ന ഒരു ഏജൻസി എന്ന നിലയിൽ, കോവിഡ്-19-ന്റെ വ്യാപനം നിയന്ത്രിക്കുന്നതിൽ ഒരു പ്രധാന പങ്ക് സംസ്ഥാന പോലീസ് വഹിച്ചിട്ടുണ്ട്. 1-6-2021-ലെ കണക്കനുസരിച്ച് 11136 പോലീസ് ഉദ്യോഗസ്ഥർക്ക് കോവിഡ് പോസിറ്റീവ് ആയിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി കേരള പോലീസ് നടപ്പാക്കിയ ത്രിമുഖ സമീപനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2021 ഏപ്രിൽ മധ്യത്തോടെ കോവിഡ്-19-ന്റെ രണ്ടാം തരംഗം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിച്ചതിനെത്തുടർന്ന് 08-05-2021 മുതൽ സംസ്ഥാനമൊട്ടാകെ ലോക്ഡൗൺ പ്രഖ്യാപിച്ചു. ലോക്ഡൗൺ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾ അനാവശ്യമായി

LIBRARY ARCHIVES Kerala Legislative Assembly